Notice for adjournment motion

Uncorrected/Not for publication
30-09-2025

## നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ടെലിവിഷൻ ചർച്ചക്കിടയിൽ വിവാദ പരാമർശം നടത്തിയ വ്യക്തിയെ അറസ്റ്റ് ചെയ്യാത്തതിനെ സംബന്ധിച്ച വിഷയമാണ് ഇന്ന് ചട്ടം 50 പ്രകാരം നോട്ടീസായി ലഭിച്ചത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കാൻ തക്ക പ്രാധാന്യമോ അടിയന്തര സ്വഭാവമോ ഇക്കാര്യത്തിലുള്ളതായി കാണാത്തതിനാൽ പ്രസ്തുത നോട്ടീസ് പരിഗണിക്കാൻ നിർവാഹമില്ലെന്ന് അറിയിക്കുന്നു. (...ബഹളം...) എന്നിരുന്നാലും നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫിന് ഇക്കാര്യം ഇന്നേദിവസം ആദ്യ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്. ഓർഡർ....ഓർഡർ... (...ബഹളം...) നിങ്ങൾ അവിടെ പോയിരിക്കൂ. മൈക്ക് കിട്ടണമെങ്കിൽ നിങ്ങൾ അവിടെ പോയിരിക്കൂ. (...ബഹളം...) യെസ്... പ്ലീസ്... പ്ലീസ്... (...ബഹളം...) ലീഡർ ഓഫ് ഒപ്പോസിഷൻ സംസാരിക്കട്ടെ. (...ബഹളം...)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് ചട്ടം 50 പ്രകാരം ഇവിടെ നൽകിയ നോട്ടീസ്

വളരെ ഗൗരവതരമായ ഒരു വിഷയം ഉയർത്തിക്കൊണ്ടുള്ളതാണ്. ചാനൽ ചർച്ചയ്ക്കിടയിൽ ഒരു ബി.ജെ.പി. നേതാവ് ഈ രാജ്യത്തെ ലോക്സഭയിലെ പ്രതിപക്ഷനേതാവായ ശ്രീ. രാഹുൽ ഗാന്ധിയുടെ നെഞ്ചിലേക്ക് വെടയുണ്ട ഉതിർക്കുമെന്ന് പറഞ്ഞ കേസാണ്. അത് നിസാരമായ ഒരു വിഷയമാണ്, ഗൗരവമല്ലാത്ത ഒരു വിഷയമാണെന്ന് അങ്ങ് പരാമർശിച്ചതിനെതിരായി അതിശക്തമായ പ്രതിഷേധം ഞാൻ ഈ സഭയിൽ രേഖപ്പെടുത്തുകയാണ്. രാജ്യത്തെ ഏറ്റവും വലിയ ഒരു നേതാവിന്റെ നെഞ്ചിൽ വെടിയുണ്ട ഉതിർക്കുമെന്ന് പറയുന്ന സംഭവം നിയമസഭയിൽ വരുമ്പോൾ ഈ ഗവൺമെന്റ് മറുപടി പറയണ്ടേ? എന്നാൽ രണ്ടുദിവസം കഴിഞ്ഞ് ഇന്നലെയാണ് അയാൾക്കെതിരെ കേസെടുത്തത്. അയാളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് ശ്രമം നടത്തുന്നു. അതിൽ ഞങ്ങൾക്ക് ശക്തിയായ എതിർപ്പുണ്ട്. ഇന്നലെ വൈകുന്നേരമാണ് അയാൾക്കെതിരെ കേസെടുത്തത്.

മി. സ്പീക്കർ: യെസ്... യെസ്.....അങ്ങയെപ്പോലെതന്നെ ചെയറും ലീഡർ ഓഫ് ഒപ്പോസിഷനെ ബഹുമാനിക്കുന്നയാളാണ്. പക്ഷേ ഈ ഫ്ലോറിൽ ഉന്നയിക്കാൻമാത്രം, ഒരു ടെലിവിഷൻ ചർച്ചയിൽ ആരെങ്കിലും

എന്തെങ്കിലും പറഞ്ഞാൽ അതൊക്കെ ഇവിടെ ഉന്നയിക്കാൻ സാധിക്കുമോ? (...ബഹളം...)

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നതിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹു. സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേക്ക് കടന്നു.)